# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4199 — 28.06.2012 ൽ മറുപടിക്ക്

### വിവിധ സ്കോളർഷിപ്പുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എ.അസീസ്.<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എൽ.എസ്.എസ് (4 -ാം ക്ലാസ്), യു.എസ്.എസ് (7 -ാം ക്ലാസ്) സ്കോളർഷിപ്പ് പരീക്ഷകളിൽ വിജയം നേടുന്ന കുട്ടികൾക്ക് ഇപ്പോൾ നൽകുന്ന സ്കോളർഷിപ്പ് തുക എത്രയാണ്; വ്യക്തമാക്കുമോ; | (എ) | എൽ.എസ്.എസ് (4 -ാം ക്ലാസ്) 100/- രൂപ ക്രമത്തിലും, യു.എസ്.എസ് (7 -ാം ക്ലാസ്) 150/- രൂപ ക്രമത്തിലും അർഹരായ വിദ്യാർത്ഥികൾക്ക് ഓരോ വർഷവും സ്കോളർഷിപ്പ് വിതരണം ചെയ്യുന്നുണ്ട്. |
| (ബി) | നാമമാത്രമായ ഈ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | തുക വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | ഒ.ബി.സി, മൈനോറിറ്റി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൈമറി തലം മുതൽ എസ്. എസ്. എൽ. സി വരെ എത്ര രൂപയാണ് പ്രീമെട്രിക് സ്കോളർഷിപ്പ് നൽകുന്നത്, | (സി) | ന്യൂനപക്ഷ (മൈനോറിറ്റി) വിഭാഗത്തിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് (വാർഷിക വരുമാനം 1, 00,000 രൂപയിൽ താഴെയും , മുൻവാർഷിക പരീക്ഷയിൽ അമ്പത് ശതമാനമോ അതിൽ കൂടുതലോ മാർക്ക് നേടിയവരുമായിരിക്കണം) പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം പ്രതി വർഷം ആയിരം രൂപാ നിരക്കിൽ അനുവദിച്ചു വരുന്നു. ഒ.ബി.സി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് നൽകുന്നത് വിദ്യാഭ്യാസ വകുപ്പിൽ നിന്നല്ല. |
| (ഡി) | എസ്.സി/ എസ്.ടി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് എത്ര രൂപയാണ് സ്റ്റൈപ്പെന്റ് | (ഡി) | എൽ.പി. വിഭാഗം 250/-രൂപ, യു.പി. വിഭാഗം 500/- രൂപ, എച്ച്.എസ്സ്.വിഭാഗം 750/- രൂപ എന്ന |

| | | | |
|---|---|---|---|
| | നൽകുന്നത്; | | നിരക്കിൽ നൽകി വരുന്നു. |
| (ഇ) | ഈ തുകകളിലെ അന്തരം ഒഴിവാക്കുന്നതിന് തുകകൾ വർദ്ധിപ്പിച്ച് ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ